## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3326 19-10-2016-ൽ മറുപടിയ്ക്ക്

### ശ്രീ.എം.കെ. ഭാഗ്യരാജിന് പ്രത്യേക വിദ്യാഭ്യാസ ആനുകൂല്യവും ജാതി സർട്ടിഫിക്കറ്റും

| ചോദ്യം | | മറുപടി. | |
|---|---|---|---|
| **ശ്രീ. ബി.ഡി.ദേവസ്സി** | | **ശ്രീ. എ.കെ.ബാലൻ** (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ വിദ്യാർത്ഥിയായ ശ്രീ. എം.കെ. ഭാഗ്യരാജിന് പ്രത്യേക വിദ്യാഭ്യാസ ആനുകൂല്യവും ജാതി സർട്ടിഫിക്കറ്റും അനുവദിച്ചു നൽകുന്നതു സംബന്ധിച്ച അപേക്ഷയിന്മേൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | എ) | തൃശൂർ ജില്ലയിലെ ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ മൂന്നാം വർഷ ബിരുദ വിദ്യാർത്ഥിയായിരുന്ന ശ്രീ. എം.കെ. ഭാഗ്യരാജ് 2014-15 വർഷം ഈ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസാനുകൂല്യത്തിന് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ അപേക്ഷ തൃശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ പെന്റിംഗിലാണ്. |
| ബി) | ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | ബി) | അപേക്ഷകന് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതു സംബന്ധിച്ച അപേക്ഷ ഗവൺമെന്റിൽ ലഭിച്ചിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗത്തിൽപ്പെടുന്നതാണെന്നു തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ആനുകൂല്യം അനുവദിക്കുന്നതാണ്. |
| സി) | കിർത്താഡ്സ് വഴി ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിൽ വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതൊഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | കിർത്താഡ്സ് വഴി ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നില്ല. ജാതി സർട്ടിഫിക്കറ്റ് അനുവദിയ്ക്കുന്നത് ബന്ധപ്പെട്ട തഹസിൽദാരാണ്. തഹസിൽദാർ അപേക്ഷ നിരാകരിച്ചാൽ ബന്ധപ്പെട്ട കളക്ടർക്കും കളക്ടർ അപേക്ഷ നിരസിക്കുന്നപക്ഷം സർക്കാരിൽ അപേക്ഷ സമർപ്പിയ്ക്കാം. നരവംശ ശാസ്ത്ര പഠനം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കാൻ KIRTADS-ന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ